"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരിക്കെ മരണമടഞ്ഞ മോഹൻലാൽ വി.കെ-യുടെ മകളും ആശ്രിതയുമായ കുമാരി അമൃത എസ് ലാൽ-ന് ആശ്രിത നിയമന പദ്ധതി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1473/2024/LSGD　　　　　　　　തീയതി,തിരുവനന്തപുരം, 08-08-2024

---

പരാമർശം:- 1. സ.ഉ (പി) നം. 12/99/പി & എ ആർ ഡി തീയതി 24.05.1999.

2. 21.02.2018 — ലെ സ.ഉ(കൈ) നം. 5/2018/ഉ.ഭ.പ.വ.

3. 28.04.2018-ലെ സ.ഉ(പി) നം.7/2018/ഉ.ഭ.പ.വ

4. 14.07.2023-ലെ സ.ഉ(പി) നം.12/2023/ഉ.ഭ.പ.വ.

5. കുമാരി അമൃത .എസ്. ലാൽ- ന്റെ 01.11.2022 ലെ അപേക്ഷ

6. പഞ്ചായത്ത് ഡയറക്ടറുടെ 24.01.2023 തീയതിയിലെ PAN/18861/2022-E14(DP) നമ്പർ കത്ത്.

7. കൊല്ലം ജില്ലാ കളക്ടറുടെ 27.12.2023 ,6.06.2024 എന്നീ തീയതികളിലെ DCKLM/3282/2023-S4നം കത്ത്.

<u>**ഉത്തരവ്**</u>

കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരിക്കെ 08.04.2022 ൽ മരണമടഞ്ഞ മോഹൻലാൽ വി.കെ എന്നവരുടെ മകളും ആശ്രിതയുമായ കുമാരി.അമൃത.എസ്.ലാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ ഉൾപ്പെടെ സമർപ്പിച്ച പരാമർശം (5) അപേക്ഷ ടിയാൾക്ക് ക്ലറിക്കൽ തസ്തികയിൽ നിയമനത്തിനായി ശുപാർശ ചെയ്ത് പരാമർശം (6) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം (7) പ്രകാരം കൊല്ലം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരിക്കെ 08.04.2022 ൽ മരണമടഞ്ഞ മോഹൻലാൽ. വി.കെ- യ്ക്ക് 19 വർഷത്തെ സേവനകാലമുണ്ടായിരുന്നെന്നും, ടിയാന്റെ മകളും ആശ്രിതയുമായ കുമാരി.അമൃത.എസ്.ലാൽ-ന് 19 വയസ്സുണ്ടെന്നും (ജനനതീയതി 18.10.2004), ടിയാൾ SSLC പരീക്ഷ പസ്സായിട്ടുണ്ടെന്നും , ടിയാളുടെ കുടുംബ വാർഷിക വരുമാനം 7,93,260/- രൂപയാണെന്നും, പരേതനായ സർക്കാർ ജീവനക്കാരന്റെ ആശ്രിതരാർക്കും തന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും, ടിയാളുടെ മറ്റ് ആശ്രിതരെല്ലാം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കുമാരി.അമൃത.എസ്. ലാൽ- ന് നിയമനം നൽകുന്നതിന് സമ്മതം അറിയിച്ചിട്ടുണ്ടെന്നും, ടിയാൾ പരാമർശം (2)-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും സമർപ്പിച്ചിട്ടുണ്ടെന്നും, ആയതിനാൽ കുമാരി.അമൃത.എസ്.ലാൽ-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമാനുസൃതം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടേയും. കൊല്ലം ജില്ലാ

കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ആയിരിക്കെ 08.04.2022 ൽ മരണമടഞ്ഞ മോഹൻലാൽ വി.കെ-യുടെ മകളും ആശ്രിതയുമായ കുമാരി.അമൃത.എസ്.ലാൽ (എം.എസ് ഭവൻ, നോർത്ത് മൈലക്കാട്, മൈലക്കാട് പി.ഒ, കൊല്ലം - 691 571)-ന് ആശ്രിത നിയമന പദ്ധതി വ്യവസ്ഥ ചെയ്യുന്ന നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും ചുവടെപ്പറയുന്ന മറ്റ് വ്യവസ്ഥകൾക്കും വിധേയമായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിലെ ഒഴിവിൽ അപേക്ഷക നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ള കൊല്ലം ജില്ലയിൽ തന്നെ കഴിവതും നിയമനം നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. ആശ്രിത നിയമന പദ്ധതി പ്രകാരമുള്ള ക്ലറിക്കൽ തസ്തികയിലെ മേൽ നിയമനം ടി തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാതീയതിയെ അടിസ്ഥാനമാക്കി അപേക്ഷകയുടെ സീനിയോറിറ്റി വകുപ്പ് ഡയറക്ടർ കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വേരിഫിക്കേഷൻ റിപ്പോർട്ട്, പൂർവ്വകാല ചരിത്രം, ചട്ട പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ സർക്കാർ ജീവനക്കാരന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. ആശ്രിതരെ സംരക്ഷിക്കുന്ന സംരക്ഷണമൊഴി പാലിക്കുന്നതുമായി ബന്ധപ്പെട്ട് പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന നടപടിക്രമങ്ങൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്.
7. പരാമർശം (2) ഉത്തരവിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള പരാമർശം (4) പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്.
8. അപേക്ഷക സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിത നിയമനം സർക്കാർ റദ്ദ് ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

കുമാരി.അമൃത എസ് ലാൽ (എം.എസ് ഭവൻ, നോർത്ത് മൈലക്കാട്, മൈലക്കാട് പി.ഒ, കൊല്ലം - 691571) (രജിസ്റ്റേഡ് തപാൽ മുഖാന്തിരം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം ( എല്ലാ രേഖകളും ഉൾപ്പെടെ)
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, കൊല്ലം (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)
ജില്ലാ കളക്ടർ, കൊല്ലം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്. (ഫയൽ നം. EPA3/57/2023-LSGD )

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 08-08-2024 13:55:18

സെക്ഷൻ ഓഫീസർ